NATIONAL NGO'S CONFEDERATION
AN ASSOCIATION OF INDIAN NGOS
*Reg. No. 36/IV/24 (Registered under Indian Trust Act)*

CPRA 151 P 122527
Aambadi Buildings, Punnapuram Rd,
Kaithamukku, Pettah P.O
Thiruvananthapuram,
Kerala, Pin : 695024
8075715311

# നാഷണൽ എൻജിഒ കോൺഫെഡറേഷൻ ഡയറക്ടർ ബോർഡ് പുറപ്പെടുവിപ്പിക്കുന്ന പ്രസ്താവന:

നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷനുമായി സഹകരിച്ച് വനിതകൾക്ക് നൽകുന്ന ഇരുചക്ര വാഹന വിതരണത്തെ സംബന്ധിച്ച് തെറ്റായ പ്രചാരണങ്ങൾ ചില മാധ്യമങ്ങളിൽ നടക്കുന്നത് അടിസ്ഥാനരഹിതമായ കാര്യമാണ്.

ഇന്ത്യയിലെ സന്നദ്ധ സംഘടനകളുടെ സ്വതന്ത്ര ദേശീയ കൂട്ടായ്മയായ നാഷണൽ എൻ. ജി. ഒ കോൺഫെഡറേഷൻ, സന്നദ്ധ സംഘടനകൾ വഴിയാണ് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. സാധാരണക്കാരായ വനിതകൾക്ക് ഹോണ്ട, യമഹ, ടി.വി.എസ്, സുസുകി എന്നീ കമ്പനികളുമായി സഹകരിച്ച് ഇരുചക്ര വാഹനങ്ങൾ, വിദ്യാർത്ഥികൾക്ക് എച്ച്.പി കമ്പനിയുമായി സഹകരിച്ച് ലാപ്ടോപ്പുകൾ, കൃഷിക്കാർക്ക് ജൈവവളങ്ങൾ - കാർഷിക ഉപകരണങ്ങൾ - തേനീച്ചപ്പെട്ടിയും - കോളനിയും, ഹൈടെക്ക് കോഴിക്കൂടുകൾ, വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റുകൾ, വാട്ടർ പ്യൂരിഫയറുകൾ, ഉഷ കമ്പനിയുമായി ബന്ധപ്പെട്ട കൊണ്ട് അഞ്ചിലധികം മോഡലുകളിലുള്ള തയ്യൽ മെഷീനുകൾ തുടങ്ങി അനവധി പദ്ധതികളാണ് കഴിഞ്ഞ ചുരുങ്ങിയ കാലം കൊണ്ട് സുസ്ഥിരവികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുവാനായി സാധിച്ചിട്ടുള്ളത്.

ഇത്തരത്തിലുള്ള പദ്ധതികളിലൂടെ സാധാരണക്കാരായ ജനങ്ങൾക്ക് വളരെയധികം ഗുണമുണ്ടാക്കുവാനായി സാധിച്ചിട്ടുണ്ട്.

കേരളത്തിൽ നിലവിൽ ഇതുവരെ 2076 സന്നദ്ധ സംഘടനകളാണ് നാഷണൽ എൻ.ജി.ഒ കോൺഫഡറേഷൻ്റെ ഭാഗമായി പ്രവർത്തിക്കുന്നത്. 170 ഇമ്പ്ലിമെൻ്റിംഗ് ഏജൻസികളിലൂടെ ഈ പദ്ധതികൾ നടപ്പിലാക്കുന്നു. ഒരു ലക്ഷത്തിലധികം ഗുണഭോക്താക്കളിലേക്ക് പദ്ധതിയുടെ സേവനവും ആനുകൂല്യങ്ങളും എത്തിക്കുവാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. കേരളത്തിലെ സന്നദ്ധ സംഘടനകളെ ഒരുമിപ്പിച്ചുകൊണ്ട് സമൂലമായ മാറ്റം കേരളത്തിൽ വരുത്തുന്നതിന് വേണ്ടിയിട്ടുള്ള ശ്രമങ്ങളാണ് നാഷണൽ എൻ.ജി.ഒ കോൺഫഡറേഷൻ ഇപ്പോൾ വിഭാവനം ചെയ്തു കൊണ്ടിരിക്കുന്നത്.

കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് പ്രോജക്ടിന്റെ ഭാഗമായി വിവിധ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ അടച്ച അപേക്ഷിച്ചവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും കൊടുത്തു തീർക്കുവാൻ നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷനും ആയതിന്റെ പ്രോജക്ട് കൺസൾട്ടിംഗ് ഏജൻസികളും പ്രതിജ്ഞാബദ്ധമാണ്.

NATIONAL N.G.O'S CONFEDERATION
Reg. No. 36/IV/24
Thiruvananthapuram
695 024
PETTAH P.O

NATIONAL
NGO'S
CONFEDERATION
AN ASSOCIATION OF
INDIAN NGOS
Reg. No. 36/IV/24 (Registered under Indian Trust Act)

CPRA 151 P 122527
Aambadi Buildings, Punnapuram Rd,
Kaithamukku, Pettah P.O
Thiruvananthapuram,
Kerala, Pin : 695024
8075715311

ഇത്തരം തെറ്റായ വാർത്തകളിലും പ്രചരണങ്ങളിലും അപേക്ഷകർ വിശ്വസിക്കുകയോ ആശങ്കപ്പെടുകയോ ചെയ്യേണ്ടതില്ല.

പദ്ധതിയുടെ നിർവഹണം കൃത്യമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷനും ആയതിന്റെ പ്രോജക്ട് കൺസൾട്ടിംഗ് ഏജൻസികളും സ്വീകരിച്ച് വരികയാണ്.

വിവിധ പ്രൊജെക്ടുകളിലൂടെ ഇതിനോടകം വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിവരങ്ങൾ

| | |
|---|---|
| ഇരുചക്ര വാഹനങ്ങൾ | 13336 |
| തയ്യൽ മെഷീൻ | 45876 |
| ലാപ്ടോപ്പ് | 26470 |
| സ്കൂൾ കിറ്റ് | 15085 |
| ഹൈടെക് കോഴിക്കൂട് | 6300 |
| തേനീച്ചപെട്ടി | 2130 |
| വാട്ടർ പ്യൂരിഫൈർ | 937 |
| ജൈവഗ്രാമം | 18000 ത്തിൽ അധികം കർഷകർക്ക് 3 ഘട്ടങ്ങളിലായി 21000 ടൺ ജൈവവളം |

NATIONAL N.G.O'S CONFEDERATION Reg. No. 36/IV/24 Thiruvananthapuram 695 024 PETTAH P.O

(ഒപ്പ്)

ബോർഡ് ഓഫ് ഡയറക്ടേഴ്സ്